**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 815** **10-06-2021 - ൽ മറുപടിയ്ക്ക്**

**മരട് നഗരസഭയിലെ ചന്തപ്പാലത്തിന് വീതി കൂട്ടാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | മരട് നഗരസഭയിലെ പഴയ പി.ഡബ്ല്യു.ഡി. റോഡിലുള്ള ചന്തപ്പാലം പഴയ കാലത്തെ പരിമിതമായ ആവശ്യത്തിന് വേണ്ടി നിർമ്മിച്ച നാല് മീറ്റർ പാലമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വർദ്ധിച്ചുവരുന്ന വാഹനപെരുപ്പം മൂലം പാലത്തിൽ ഗതാഗതകുരുക്കുണ്ടാകുന്നതിനാൽ ഇവിടെ അടിയന്തരമായി ഏഴര മീറ്റർ വീതിയിൽ പാലം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | മരട് നഗരസഭയിലെ നെട്ടൂർ ചന്തപ്പാലം പുനർനിർമ്മാണത്തിനായി 2020-2021 ബഡ്ജറ്റിൽ 20% തുക വകയിരുത്തി-യിട്ടുണ്ട്. പുതിയ പാലം നിർമ്മിക്കുന്ന-തിനുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി, ഡിസൈൻ തയ്യാറാക്കി വരുന്നു. ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതിയ്ക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | നെട്ടൂർ - പനങ്ങാട് റോഡിൽ മാടവന മുതൽ നെട്ടൂർ വടക്കേ അറ്റം വരെയുള്ള പി.ഡബ്ല്യു.ഡി. റോഡ് പലഭാഗത്തും സ്വകാര്യ വ്യക്തികൾ കയ്യേറി നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ടി റോഡ് കയ്യേറി നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട്. ടി റോഡിൽ താലൂക്ക് സർവ്വേയർ അളന്ന് തിട്ടപ്പെടുത്തിയ-തനുസരിച്ച് 14 ഉം 46 ഉം കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിരുന്നു. |
| (ഡി) | ഈ സ്വകാര്യ കൈയ്യേറ്റങ്ങൾ ഒഴിവാക്കി റോഡിന് വീതി കൂട്ടാൻ നടപടി സ്വീകരിക്കുമോ; | (ഡി) | നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | ഇത്തരത്തിലുള്ള കൈയ്യേറ്റം സംബന്ധിച്ച് ഏതെങ്കിലും കോടതി ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ കയ്യേറ്റം ഒഴിപ്പിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ഇ) | കോടതി ഉത്തരവുകൾ നിലവിലുണ്ട്. കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകിയത-നുസരിച്ച് (14 + 46 = 60) 60 ൽ 45 പേർ ഒഴിപ്പിക്കുകയോ ഒഴിവാക്കുകയോ ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവരിൽ 7 പേർ പ്രസ്തുത നോട്ടീസിനെതിരെ കോടതിയെ സമീപിച്ചിരിക്കുകയും 8 പേർ സാവകാശം ചോദിച്ചിരിക്കുകയുമാണ്. ലോക്ക്ഡൗൺ കഴിയുന്നതനുസരിച്ച് കോടതി ഉത്തരവ് പ്രകാരം മേൽ കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുവാൻ കഴിയും. |
| | | | |

| | | | |
|---|---|---|---|
| (എഫ്) | ഈ റോഡ് കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾക്ക് പുറമെ ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (എഫ്) | നിലവിൽ കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നതിനാൽ കോടതി ഉത്തരവ് അനുസരിച്ച് മാത്രമേ നടപടികൾ സ്വീകരിക്കുവാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ